16 ആഗസ്റ്റ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 009

# ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പെട്രോൾ പമ്പുകളിൽ ശുചിമുറി നടത്തിപ്പ്

## കുടുംബശ്രീ വനിതകൾക്ക് യൂണിഫോം വിതരണം ചെയ്തു

* സംസ്ഥാനമൊട്ടാകെ 63 പമ്പുകളിൽ കുടുംബശ്രീ വനിതകൾ പ്രവർത്തിക്കുന്നു
* മാസശമ്പളം 9000 രൂപ
* എല്ലാ ഇന്ത്യൻ ഓയിൽ പമ്പുകളിലും കുടുംബശ്രീ വനിതകൾക്ക് അവസരം നൽകുക ലക്ഷ്യം



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ യൂണിഫോം വിതരണം നിർവ്വഹിക്കുന്നു.

സംസ്ഥാനത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ (ഐ.ഒ.സി) കീഴിലുള്ള പെട്രോൾ പമ്പുകളിൽ ശുചിമുറി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള കുടുംബശ്രീ വനിതകൾക്കുള്ള യൂണിഫോം വിതരണത്തിന്റെ ഉദ്ഘാടനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നിർവഹിച്ചു. ഐ.ഒ.സിയുടെ കീഴിൽ സംസ്ഥാനത്തുടനീളമുള്ള പെട്രോൾ പമ്പുകളോടു ചേർന്ന് വൃത്തിയും ശുചിത്വവുമുള്ള ശുചിമുറികളും അനുബന്ധ സൗകര്യങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 63 പമ്പുകളിൽ കുടുംബശ്രീ വനിതകൾക്ക് ഇതിന്റെ നടത്തിപ്പു ചുമതല നൽകിയിട്ടുണ്ട്. ഇവർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയും ഇന്ത്യൻ ഓയിൽ കോർപ്പറേഷനും സംയുക്തമായി സംഘടിപ്പിച്ച ഏകദിന ശിൽപശാലയിലായിരുന്നു യൂണിഫോം വിതരണം.

കുടുംബശ്രീ വനിതകൾക്ക് ഇത്തരം പൊതുസേവന കേന്ദ്രങ്ങളിൽ അവസരം നൽകുന്നതു സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷനും കുടുംബശ്രീയും തമ്മിൽ കഴിഞ്ഞ വർഷം ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതു പ്രകാരം നിലവിൽ ശുചിമുറി നടത്തിപ്പിനായി ഐ.ഒ.സിയുടെ കീഴിലുള്ള 76 പമ്പുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 63 എണ്ണത്തിലാണ് നിലവിൽ കുടുംബശ്രീ വനിതകളുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. ഇവർക്ക് ഒമ്പതിനായിരം രൂപയാണ് ശമ്പളം. ശുചിമുറി നടത്തിപ്പിന് പുറമേ അഞ്ചു കിലോഗ്രാമിന്റെ ഗ്യാസ് സിലിണ്ടറുകളുടെ വിൽപന, അതിന്റെ റീഫില്ലിങ്ങ്, ലൂബ്രിക്കേറ്റർ ഓയിലിന്റെ വിൽപന എന്നിവയടക്കമുള്ള സംവിധാനം പമ്പുകളിൽ ഏർപ്പെടുത്തിക്കൊണ്ട് ആ മേഖലയിലും കുടുംബശ്രീ വനിതകൾക്ക് തൊഴിൽ നൽകാൻ അധികൃതർ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ പമ്പുകളിലേക്കും കുടുംബശ്രീ വനിതകളുടെ സേവനം ലഭ്യമാക്കാൻ അധികൃതർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

കുടുംബശ്രീ വനിതകൾ ശുചിമുറികളുടെ നടത്തിപ്പ് മികച്ച നിലവാരത്തിൽ ചെയ്യുന്നതിനാൽ പെട്രോൾ ഡീലർമാർക്കും സഹായകരമാണ്. അടുത്ത ഘട്ടത്തിൽ കൂടുതൽ പെട്രോൾ പമ്പുകളിലേക്ക് കുടുംബശ്രീ വനിതകളുടെ സേവനം വ്യാപിപ്പിക്കുന്നതിലൂടെ അയൽക്കൂട്ട ശൃംഖലയിലുള്ള നിരവധി പേർക്ക് ഈ മേഖലയിൽ തൊഴിലവസരം ലഭ്യമാകും. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണ്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി രാജ്യത്തെ ആദ്യ വെളിയിട വിസർജന വിമുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിച്ചത് കേരളമാണ്. ഈ നേട്ടം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം ഇന്ത്യൻ ഓയിൽ കോർപ്പറേഷനും പങ്കാളിയായിരുന്നു. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് ഐ.ഒ.സിയുടെ കീഴിലുള്ള പെട്രോൾ പമ്പുകളോടു ചേർന്ന് ശുചിമുറികൾ സ്ഥാപിക്കുന്നതിനും നടത്തിപ്പു ചുമതല കുടുംബശ്രീ വനിതകൾക്കു നൽകാനും തീരുമാനിച്ചത്. ഹൗസ് കീപ്പിങ്ങ്, റെയിൽവേ പാർക്കിങ്ങ്, റെയിൽവേ സ്റ്റേഷനുകളിലെ എ.സി വെയിറ്റിങ്ങ് റൂം മാനേജ്മെന്റ് എന്നീ മേഖലകളിൽ കുടുംബശ്രീ വനിതകളുടെ മികവു കൂടി പരിഗണിച്ചാണിത്.

പരിപാടിയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഡെപ്യൂട്ടി ജനറൽ മാനേജർ വിപിൻ, സ്റ്റേറ്റ് റീട്ടെയ്ൽ സെയിൽസ് മാനേജർ ആനന്ദ്, റീട്ടെയ്ൽ ഡിവിഷൻ അസിസ്റ്റന്റ് മാനേജർ ലാലു രാജേന്ദ്രൻ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ അഖില, രേണു എന്നിവർ സംസാരിച്ചു. പരിശീലന പരിപാടിയിൽ ടോമി ചെറിയാൻ ക്ലാസുകൾ നയിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എൻ.എസ്. നിരഞ്ജന സ്വാഗതവും പ്രോഗ്രാം മാനേജർ ഡോ. ഷമീന നന്ദിയും പറഞ്ഞു.

# ഗ്രാമകിരണത്തിന് സംസ്ഥാന സർക്കാർ അംഗീകാരം

കാസർഗോഡ് ജില്ലാ മിഷന്റെ ഗ്രാമകിരണം പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭിച്ചു. ചെറുവത്തൂർ, ഉപ്പള എന്നീ പ്രദേശങ്ങളിലെ 51 പേർക്ക് എൽഇഡി, ട്യൂബ്, എമർജൻസി, പാനൽ ലൈറ്റുകളുടെ നിർമ്മാണത്തിലും വഴിവിളക്കുകളുടെ അറ്റകുറ്റ പണിക്കും പദ്ധതിയിലൂടെ പരിശീലനം നൽകി. ഇവർ നിർമ്മിക്കുന്ന എൽഇഡി ലൈറ്റുകൾക്ക് കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിലെ എഞ്ചിനീയറിങ് വിഭാഗം ഗുണമേന്മ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരും അംഗീകാരം നൽകിയത്. ഇതോടെ ജില്ലയിൽ തയാറാക്കിയ ഗ്രാമകിരണം ബൾബുകൾ സർക്കാർ സ്ഥാപനങ്ങൾക്കുൾപ്പെടെ ക്വട്ടേഷനില്ലാതെ വാങ്ങാനാകും. ഇവർ നിർമ്മിക്കുന്ന ബൾബുകൾക്ക് ഒരു വർഷം വാറന്റിയുമുണ്ട്.




2018 ഫെബ്രുവരി– മാർച്ച് മാസങ്ങളിലായി പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അംഗങ്ങളായ വനിതകൾക്കും യുവശ്രീ അംഗങ്ങളായ പുരുഷന്മാർക്കും നൽകിയ പരിശീലനത്തിൽ ബിസിനസ് മാനേജ്മെന്റ്, ആശയവിനിമയം, അക്കൗണ്ടിങ്, നേതൃത്വശേഷി എന്നിവയിലും ക്ലാസ്സുകളെടുത്തിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സഹകരണത്തിന്റെ ആദ്യപടിയായി വലിയപറമ്പ പഞ്ചായത്തിൽ നിന്നും 300 ഗ്രാമകിരണം എൽഇഡി ബൾബുകൾക്കുള്ള ഓഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

# ട്രാൻസ്ജെൻഡറുകൾ സംഘകൃഷിയിലേക്ക്




ട്രാൻസ്ജെൻഡർ സമൂഹത്തിലുൾപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്ന കുടുംബശ്രീ പുതിയൊരു മേഖലയിലേക്കും അവരെ നയിക്കുന്നു. ഇതാദ്യമായി ഉപജീവനത്തിനായി സംഘകൃഷിയിലേക്ക് കടക്കുകയാണ് ഒരു കൂട്ടം ട്രാൻസ്ജെൻഡറുകൾ. കോഴിക്കോട് ജില്ലയിൽ നിന്നുള്ള അഞ്ച് ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടുന്ന സംഘം കുടുംബശ്രീ വഴി സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായാണ് സംഘകൃഷി നടത്തുക. ഇതുവഴി ട്രാൻസ്ജെൻഡറുകൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകുന്നതിനൊപ്പം പൊതുജനങ്ങൾക്ക് വിഷരഹിതമായ ജൈവ പച്ചക്കറികൾ ഉത്പാദിപ്പിച്ച് നൽകുകയെന്ന ലക്ഷ്യവും കുടുംബശ്രീയ്ക്കുണ്ട്.

മൺസൂണിന് ശേഷം കൃഷിയിലേക്ക് പൂർണ്ണമായും ശ്രദ്ധ പതിപ്പിക്കുന്നതിനാണ് പുനർജനിയെന്ന് പേരിട്ടിരിക്കുന്ന ഈ സംഘം ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് മുന്നോടിയായി കൂൺ കൃഷിയിലും തെങ്ങ് കയറ്റത്തിലും കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ ഇവർക്ക് പരിശീലനം നൽകിയിരുന്നു. കോഴിക്കോട് വെള്ളിമാട് കുന്നിലുള്ള മഹിളാമന്ദിരത്തിലെ 25 സെന്റിലാകും ഇവർ കൃഷി ചെയ്യുക. സിസിലി ജോർജ്, കരീന, അലീന, പ്രയാഗ, തസ്നി എന്നിവരാണ് സംഘത്തിലെ അംഗങ്ങൾ. സിസിലിയാണ് പ്രസിഡന്റ്, പ്രയാഗ സെക്രട്ടറിയും. വിത്തും വളവും വാങ്ങുന്നതിനുള്ള ധനസഹായം കുടുംബശ്രീ നൽകും.

ഇന്ത്യയുടെ കാർഷിക മേഖലയിൽ സ്ത്രീ സാന്നിധ്യം വർദ്ധിപ്പിക്കുകയും ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയെന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്.

# തിരൂർ റെയിൽവേ സ്റ്റേഷനിൽ കുടുംബശ്രീ വെയ്റ്റിങ് ഹാൾ

മലപ്പുറം ജില്ലയിലെ തിരൂർ റെയിൽവേ സ്റ്റേഷനിൽ കുടുംബശ്രീയുടെ എസി വെയ്റ്റിങ് ഹാൾ പ്രവർത്തനമാരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹാളിൽ മുലയൂട്ടുന്നതിന് പ്രത്യേക ഇടവും സജ്ജീകരിച്ചിട്ടുണ്ട്. മുതിർന്നവർക്ക് റിക്ലെയ്നർ സോഫ, വൃത്തിയുള്ള ബാത്ത് റൂം, മൊബൈൽ ചാർജ്ജ് ചെയ്യാനുള്ള സൗകര്യം എന്നിവയും വെയ്റ്റിങ് ഹാളിലുണ്ട്. കുട്ടികൾക്കായി പ്രത്യേക കളി ഇടവും ഉടൻ തന്നെ സജ്ജീകരിക്കും. മണിക്കൂറിന് 25 രൂപയാണ് നിരക്ക്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ റെയിൽവേ സ്റ്റേഷനുകളിൽ കുടുംബശ്രീയുടെ എസി വെയ്റ്റിങ് ഹാളുകൾ പ്രവർത്തിക്കുന്നുണ്ട്.

കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ പരിശീലനം നൽകിയ വനിതകളാണ് വെയ്റ്റിങ് ഹാളിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. മാനുഷിക വിഭവശേഷി സംരംഭങ്ങളിൽ നൂതന ആശയം അവതരിപ്പിച്ചതിന് കേരള മാനേജ്മെന്റ് അസോസിയേഷന്റെ ഈ വർഷത്തെ എക്സലൻസ് അവാർഡ് ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ സ്വന്തമാക്കിയിരുന്നു.



# വികസന ആവശ്യങ്ങൾ

അഗതിരഹിത കേരളം 05

അഗതി കുടുംബങ്ങളെ ഘട്ടംഘട്ടമായി സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സി.ഡി.എസ്സുകളും സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുക്കുകയോ, മറ്റൊരു തൊഴിലിൽ ഏർപ്പെടുന്നതിന് പര്യാപ്തരാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യേണ്ടതാണ്.

പദ്ധതി പ്രകാരം സഹായം ലഭ്യമാക്കി ആരംഭിച്ച സംരംഭങ്ങൾ രണ്ടു വർഷം പൂർത്തിയാക്കിയാൽ കുടുംബശ്രീയുടെ അധിക സഹായം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സി.ഡി.എസ്. തയ്യാറാക്കുന്ന സ്വയം തൊഴിൽ പദ്ധതികളുടെ വ്യക്തമായ പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ പദ്ധതികൾ അനുവദിക്കാം. സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾക്കുള്ള സബ്സിഡി കുടുംബശ്രീയിൽ നിന്നോ, പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നോ അനുവദിക്കാം.

തദ്ദേശ ഭരണതല പദ്ധതി മോണിറ്ററിംഗ് സമിതി അഗതി കുടുംബങ്ങളെ നേരിട്ട് സന്ദർശിച്ച് പദ്ധതി അവർക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തണം. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പ്രത്യേക അംഗീകാരത്തോടു കൂടി വേണം പദ്ധതി നടപ്പാക്കേണ്ടത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ പ്രാദേശികമായി അനുയോജ്യമായ ചെറുകിട/പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. സംഘകൃഷി പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുള്ള സാധ്യതകളും പരിശോധിക്കേണ്ടതാണ്.

സംരംഭം ആരംഭിച്ചു കഴിഞ്ഞാൽ മെച്ചപ്പെട്ട വരുമാനം ഉണ്ടാകുന്നതുവരെ ആവശ്യമായ പിന്തുണ - പരിശീലനം, അടിസ്ഥാന സൗകര്യം, വിപണനം എന്നിവ ലഭിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനം/കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന തൊഴിൽദാന പരിപാടികളിൽ അഗതി കുടുംബാംഗങ്ങളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കേണ്ടതാണ്. പദ്ധതി കുടുംബങ്ങളിലെ തൊഴിൽ ചെയ്യാൻ ശേഷിയുള്ള അംഗങ്ങളെ ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡ് ലഭ്യമാക്കി തൊഴിലിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രകാരമുള്ള പണിക്ക് മേറ്റ് ആയി ജോലി ചെയ്യാൻ കഴിവുള്ളവർക്ക് അതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

അഗതി കുടുംബങ്ങൾക്ക് അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്തി വിജയകരമായി നടപ്പാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും കുടുംബശ്രീ മിഷനും നടപ്പിലാക്കുന്ന വൈദഗ്ധ്യ പരിശീലന പദ്ധതികളുമായി ഇത് സംയോജിപ്പിക്കണം.

തൊഴിൽ ലഭ്യത ഉറപ്പാക്കിയുള്ള തൊഴിൽ പരിശീലനമാണ് ഇവർക്ക് നൽകേണ്ടത്. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തൊഴിൽ പരിശീലനം ആവശ്യമുള്ള അഗതി ഗുണഭോക്താക്കളുടെ ആകെ കണക്കെടുത്ത് കേന്ദ്രീകൃതമായി ഇവർക്ക് പരിശീലനത്തിനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ വഴി പദ്ധതി കുടുംബങ്ങളിലെ യോഗ്യരായ അംഗങ്ങൾക്ക് പരിശീലനവും തൊഴിലും ലഭിക്കുന്നുണ്ടെന്ന് സി ഡി എസ് ഉറപ്പു വരുത്തേണ്ടതാണ്.

**അടുത്ത ലക്കം: പദ്ധതി രൂപീകരണം നാളിതുവരെ**
**കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com**

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com